## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3864

24.06.2014-ൽ മറുപടിക്ക്

### 'ഗൃഹശ്രീ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>,, ഹൈബി ഈഡൻ:<br>,, വർക്കല കഹാർ:<br>,, സി. പി. മുഹമ്മദ്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) 'ഗൃഹശ്രീ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;വിശദമാക്കുമോ; | (എ) ഉണ്ട്.<br>കുറഞ്ഞത് രണ്ടോ/മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായി കൈവശമുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്കായി കുറഞ്ഞത് 30 ച. മീറ്റർ മുതൽ 60 ച.മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനായി സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവ രുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടെ ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ടി പദ്ധതിയ്ക്ക് 26/08/2013-ലെ സ.ഉ.(എം.എസ്)21/2013/ ഭവനത്തിലൂടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടുകൂടി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള സർക്കാരിനുവേണ്ടി ഹൗസിംഗ് ബോർഡ് മുഖേന സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. |

| | | | |
|---|---|---|---|
| (സി) | പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച നൽകുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ; | (സി) യും (ഡി) യും | ടി പദ്ധതിയനുസരിച്ച് സ്പോൺസർമാർ 1 ലക്ഷം രൂപയും, ഗുണഭോക്താവ് 1 ലക്ഷം രൂപയും ബോർഡിൽ നിക്ഷേപിക്കുകയും, സർക്കാർ സബ്സിഡിയായ 2 ലക്ഷം രൂപ ഉൾപ്പെടെ 4 ലക്ഷം രൂപ വ്യവസ്ഥകൾക്ക് വിധേയമായി വീട് നിർമ്മാണത്തിന് 4 ഘട്ടങ്ങളിലായി നൽകുകയും ചെയ്യുന്നു. |
| (ഡി) | എന്തെല്ലാം സഹായങ്ങളും സബ്സിഡികളുമാണ് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വിശദമാക്കുമോ; | | |
| (ഇ) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഒന്നാം ഘട്ടമെന്ന നിലയിൽ 525 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 10.50 കോടി രൂപ സർക്കാർ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. സ്പോൺസർ ചെയ്യാൻ സന്നദ്ധത ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ടി 525 പേർക്കും ഉള്ള സ്പോൺസർഷിപ്പ് തുകയും ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഇ പ്രകാരം സ്പോൺസർഷിപ്പ് അടച്ച് ബോർഡുമായി ധാരണാപത്രം ഒപ്പുവച്ച സ്പോൺസർമാർ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം ബോർഡിലെ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിലേയ്ക്ക് അയയ്ക്കുകയുണ്ടായി. ഗുണഭോക്താവിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബോർഡ് നിഷ്കർഷിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുറപ്പുവരുത്തി ധനസഹായം അനുവദിച്ചു വരുന്നു. ഇപ്രകാരം ഗുണഭോക്തൃവിഹിതം അടച്ച 297 പേരിൽ 281 പേർക്ക് ഒന്നാം ഗഡുവും, 124 പേർക്ക് രണ്ടാം ഗഡുവും, 35 പേർക്ക് മൂന്നാം ഗഡുവും, 6 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 14.19 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ